ഗതാഗത സംവിധാനം മെച്ചപ്പെടുത്തുന്നതിന് നടപടി

16 [*245] ശ്രീ. സാജു പോൾ :

,, മഞ്ഞളാംകുഴി അലി :

,, ടി. കെ. ബാവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഗതാഗത സംവിധാനം മെച്ചപ്പെടുത്തുന്നത് സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ ; പഠനത്തെത്തുടർന്ന് എന്തെല്ലാം നിർദ്ദേശങ്ങൾ ഉണ്ടായിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ;

(ബി) ഗതാഗത സംവിധാനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കെ.എസ്.ആർ.ടി.സി. എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട് ; ഇതിന്റെ ഭാഗമായി യാത്രാക്ലേശം എന്തുമാത്രം ലഘൂകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ;

(സി) ഇതിന് പ്രാപ്തമാക്കുന്നതിനായി കെ.എസ്.ആർ.ടി.സി.-യിലെ മൂലധന നിക്ഷേപം വർദ്ധിപ്പിച്ചിട്ടുണ്ടോ ;

(ഡി) കെ.എസ്.ആർ.ടി.സി. അതിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിലേക്ക് വേണ്ടി എന്തെല്ലാം നിർദ്ദേശങ്ങളാണ് സർക്കാരിന് സമർപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എൻ. ശക്തൻ) :

(എ) പഠനം നടത്തിയിട്ടുണ്ട്. തിരുവനന്തപുരം നഗരത്തിലെയും കൊച്ചി നഗരത്തിലെയും ഗതാഗത പ്രശ്നം പരിഹരിക്കുന്നതിനുവേണ്ടി രണ്ടു പഠനങ്ങൾ ഗതാഗത വകുപ്പിന്റെ കീഴിൽ നടക്കുകയുണ്ടായി. തിരുവനന്തപുരം നഗരത്തിലെ ഗതാഗത പ്രശ്നങ്ങളെക്കുറിച്ച് പഠിക്കുന്നതിനായി ഡൽഹിയിലെ 'കൺസൾട്ടിംഗ് എഞ്ചിനീയറിംഗ് സർവ്വീസസ്' എന്ന സ്ഥാപനത്തെയും, കൊച്ചിയിലെ ഗതാഗത പ്രശ്നങ്ങളെക്കുറിച്ച് പഠിക്കുന്നതിനായി 'റൈറ്റ്സ്' സ്ഥാപനത്തെയുമാണ് ചുമതലപ്പെടുത്തിയത്. കൺസൾട്ടിംഗ് എഞ്ചിനീയറിംഗ് സർവ്വീസസ് നടത്തിയ പഠന റിപ്പോർട്ട് സർക്കാർ അംഗീകരിച്ചിട്ടുണ്ട്. കൊച്ചി നഗരത്തിലെ ഗതാഗത പ്രശ്നങ്ങളെക്കുറിച്ച് റൈറ്റ്സ് നടത്തിയ പഠന റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. അതിലെ നിർദ്ദേശങ്ങളിൽ പ്രധാനപ്പെട്ട ഒന്ന് കൊച്ചിയിൽ ഒരു മെട്രോ റെയിൽ സ്ഥാപിക്കുക എന്നതാണ്. ഇക്കാര്യം സർക്കാർ പരിശോധിച്ചശേഷം ഇതിനേൽ ഒരു വിശദമായ പ്രോജക്ട് റിപ്പോർട്ട് സമർപ്പിക്കുവാൻ ദില്ലിയിലെ മെട്രോ റെയിൽ കോർപ്പറേഷനെ നിയോഗിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഗതാഗത സംവിധാനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കെ.എസ്.ആർ.ടി.സി. കൂടുതൽ പുതിയ ബസ്സുകൾ നിരത്തിലിറക്കാൻ ഉദ്ദേശിക്കുന്നു. ഇതിന്റെ പ്രാരംഭ നടപടിയെന്ന നിലയിൽ തലസ്ഥാനത്ത് 3 ലോ-ഫ്ളോർ ബസ്സുകൾ നിരത്തിലിറക്കുകയുണ്ടായി. വലിയ ബസ്സുകൾ ഓടിക്കാൻ കഴിയാത്ത റൂട്ടുകളിലും, മലയോര പ്രദേശങ്ങളിലും യാത്രാക്ലേശം പരിഹരിക്കുന്നതിനായി മിനി ബസ്സുകൾ ഉപയോഗിച്ച് സർവ്വീസ് നടത്തി വരികയാണ്. ഈ നടപടികളിലൂടെ യാത്രാക്ലേശം ഒരു പരിധിവരെ പരിഹരിക്കപ്പെടുന്നതാണ്.

(സി) ഇല്ല.

(ഡി) യാത്രാസൗകര്യം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കൂടുതൽ ഫാസ്റ്റ് പാസഞ്ചർ, ഹൈടെക് ബസ്സുകളും, മിനി ബസ്സുകളും, എയർ കണ്ടീഷന്റ് എയർ ബസ്സുകളും നിരത്തിലിറക്കി യാത്രക്കാരുടെ മെച്ചപ്പെട്ട യാത്രാസൗകര്യം ഉറപ്പുവരുത്താൻ ഉദ്ദേശിക്കുന്നു. ഗ്രാമ പ്രദേശങ്ങളിലും മലയോര പ്രദേശങ്ങളിലും കൂടുതൽ ബസ്സ് സർവ്വീസുകൾ ബസ്സുകളുടെ ലഭ്യതയനുസരിച്ച് തുടങ്ങുന്നതാണ്.

ചെറുകിട വ്യവസായങ്ങളെക്കുറിച്ചുള്ള പഠനം

17 [*246] ശ്രീ. കോടിയേരി ബാലകൃഷ്ണൻ :

,, എ. കെ. ബാലൻ :

,, എം. വി. ഗോവിന്ദൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ചെറുകിട വ്യവസായങ്ങളെക്കുറിച്ചുള്ള പഠനത്തിന് സർക്കാർ ഏതെങ്കിലും ഏജൻസികളെ പ്രത്യേകം ചുമതലപ്പെടുത്തിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏതൊക്കെ ഏജൻസികളെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത് ;

(സി) ഇത്തരമൊരു പഠനത്തിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ വെളിപ്പെടുത്തുമോ ;

(ഡി) എ.പി.ഐ.ടി.സി.ഒ. എന്ന സ്ഥാപനത്തിന് സംസ്ഥാനത്തെ ചെറുകിട വ്യവസായങ്ങളെക്കുറിച്ച് പഠനം നടത്തുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ ഈ സ്ഥാപനത്തിന് ഇതിനായി സർക്കാർ നൽകുന്ന സഹായങ്ങളും സൗകര്യങ്ങളും എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly